**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 55/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്‌വ്!

പ്രിയരെ,

നമ്മുടെ പരിശുദ്ധ സഭയുടെ ആരാധന, ജീവശ്വാസം പോലെ അതീവ പ്രാധാന്യത്തോടെ നാം പരിപാലിക്കേണ്ടതായ നിക്ഷേപമാണ്. സ്തുതിചൊവ്വാക്കപ്പെട്ട സത്യ വിശ്വാസത്തിന്റെ സംരക്ഷകരായ പിതാക്കൻമാരും മൽപാൻമാരും അതീവ ഭക്തിയോടും അതിലേറെ ദൈവാശ്രയത്തോടും നമുക്ക് കൈമാറ്റം ചെയ്തുതന്ന ആരാധനാരീതികളും കർമ്മാനുഷ്ഠാനങ്ങളും ആരാധനയുടെ വേദശാസ്ത്രത്തിനും പരിശുദ്ധ സഭയുടെ ദൈവശാസ്ത്രത്തിനും അനുസൃതമായി പിന്തുടരുകയും പാലിക്കുകയും ചെയ്യുവാനുള്ള ധാർമ്മികമായ ഉത്തരവാദിത്വവും ചുമതലയും നമുക്കേവർക്കുമുണ്ട്.

ആണ്ടടക്കമുള്ള ആരാധനകളിൽ യൽദോ പെരുന്നാളിന്റെയും, പെസഹാ പെരുന്നാളിന്റെയും, ക്യംതാ പെരുന്നാളിന്റെയും ശുശ്രൂഷകൾ പരമ്പരാഗതമായി പാതിരാത്രിക്കുശേഷം ആരംഭിച്ച് പുലർച്ചെ വിശുദ്ധ കുർബ്ബാനയോടെ പൂർത്തീകരിക്കുന്ന രീതിയാണല്ലോ അടുത്തകാലം വരെയും പിൻതുടർന്ന് വന്നിരുന്നത്. എന്നാൽ ഏതാനും വർഷങ്ങളായി, അതത് ഭദ്രാസന മെത്രാപ്പോലീത്താമാരുടെ അനുമതിയോടെ അവരുടെ മെത്രാസന ഇടവകകൾക്ക് കീഴിലുള്ള പള്ളികളിലെ പ്രത്യേകമായ സാഹചര്യങ്ങൾ ഉൾക്കൊണ്ട് പ്രസ്തുത പെരുന്നാൾ ദിവസങ്ങളിലെ പ്രാർത്ഥനകളും ശുശ്രൂഷകളും വിശുദ്ധ കുർബ്ബാനയും പെരുന്നാൾ ദിനത്തിലെ സന്ധ്യാപ്രാർത്ഥനയോടനുബന്ധിച്ച് പൂർത്തീകരിച്ചുവരുന്നുണ്ട്. എന്നാൽ അപ്രകാരം നടത്തപ്പെടുന്ന ശുശ്രൂഷകളുടെ സമയക്രമീകരണങ്ങൾ സംബന്ധിച്ച് നമ്മുടെ വൈദികരുടെയും വിശ്വാസികളുടെയും ഇടയിൽ വിവിധ തരത്തിലുള്ള ആശയക്കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരേ പ്രദേശത്ത് തന്നെയുള്ള നമ്മുടെ വിവിധ മെത്രാസനങ്ങളിലെ ദേവാലയങ്ങളിൽ വിവിധ സമയങ്ങളിൽ ആരാധന നിർവ്വഹിക്കപ്പെടുന്നത് നമ്മുടെ ആരാധനാ പൈതൃകത്തിന്റെ മഹിമ ലാഘവപ്പെടുത്തുന്നതിന് ഇടയാക്കും. ആയതുകൊണ്ട് കേരളത്തിനകത്തുള്ള പള്ളികളിലെങ്കിലും ഈ പ്രത്യേക ദിവസങ്ങളിലെ ആരാധനാ ക്രമീകരണം സംബന്ധിച്ച് ഒരു ഏകീകൃത സമയക്രമം ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന വ്യാപകമായ അഭിപ്രായം തിരിച്ചറിഞ്ഞ് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ആലോചന ഉൾക്കൊണ്ട് താഴെപ്പറയുന്ന ക്രമീകരണങ്ങൾ നാം നിങ്ങളെ അറിയിക്കുന്നു:

മേൽപ്പറഞ്ഞ മൂന്ന് ദിവസങ്ങളിൽ, യൽദോ പെരുന്നാളിലും ഉയിർപ്പ് പെരുന്നാളിലും സന്ധ്യാ പ്രാർത്ഥനയെ തുടർന്ന് രാത്രി പ്രാർത്ഥനയുടെ രണ്ട് കൗമാകൾ പൂർത്തീകരിച്ച ശേഷം, രാത്രി പ്രാർത്ഥനയുടെ ബാക്കി ഭാഗങ്ങളും ആ ദിവസങ്ങളിലെ പ്രത്യേക ശുശ്രൂഷകളും പ്രഭാത പ്രാർത്ഥനയും വി. കുർബ്ബാനയും പെരുന്നാൾ ദിവസം രാവിലെ 5 മണിക്ക് എങ്കിലും ആരംഭിച്ച് പൂർത്തീകരിക്കേണ്ടതാണ്. പെസഹായുടെ യാമ പ്രാർത്ഥനകളിൽ രാത്രി പ്രാർത്ഥന മുഴുവനും സന്ധ്യാ പ്രാർത്ഥനയോടനുബന്ധിച്ച് പൂർത്തീകരിച്ചശേഷം

(മറുപുറം)

രാവിലെ 5 മണിക്ക് എങ്കിലും പ്രഭാത പ്രാർത്ഥന ആരംഭിച്ച് തുടർന്ന് വിശുദ്ധ കുർബ്ബാന അർപ്പിക്കേണ്ടതാണ്. കേരളത്തിന് പുറത്തുള്ള പള്ളികളിൽ ഇപ്പോൾ നിലവിലുള്ള ക്രമീകരണം തുടരാവുന്നതാണ്. കേരളത്തിനകത്ത് പൗരാണികമായി നിലനിന്നു വന്നിരുന്ന ആരാധനാ സമയ ക്രമീകരണമോ ഈ പുതിയ സമയക്രമമോ പിന്തുടരാവുന്നതാണ്. പെരുന്നാളിന്റെ സന്ധ്യയോടനുബന്ധിച്ച് വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നത് പരിപൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

ഒഴിച്ചു കൂടാൻ പാടില്ലാത്ത ഏതെങ്കിലും കാരണങ്ങളാൽ ഇതിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ ഏതെങ്കിലും സ്ഥലങ്ങളിൽ ഈ ശുശ്രൂഷകൾ നടത്തേണ്ടതുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ സഹിതം അതത് ഭദ്രാസന മെത്രാപ്പോലീത്താമാരുടെ ശുപാർശയോടുകൂടി പ്രത്യേക അനുമതിക്കായി നമുക്ക് അപേക്ഷ നൽകാവുന്നതും നാം നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ക്രമങ്ങൾ നടത്തേണ്ടതുമാകുന്നു.

പ്രിയ മക്കളേ,

നമ്മുടെ ആരാധനയുടെ മഹത്വം നമ്മുടെ അസൗകര്യങ്ങൾ നിമിത്തമായി ലഘൂകരിക്കുവാനോ ഇല്ലാതെയാക്കുവാനോ ഇടയാകരുത്. ആണ്ടടക്കമുള്ള ആരാധനാ ദിവസങ്ങളിൽ കേവലം മൂന്ന് ദിവസങ്ങളിൽ മാത്രമാണ് ഇപ്രകാരം പുലർച്ചെയുള്ള ആരാധനാ സമയക്രമീകരണം ഉണ്ടാകുന്നത്. ആയതിനാൽ ഈ നിർദ്ദേശങ്ങൾ ഭാരമായി കാണാതെ ഇവ പാലിക്കുവാൻ ശ്രദ്ധിക്കണം. ശ്രേഷ്ഠമായ നമ്മുടെ ആരാധനാ പാരമ്പര്യങ്ങളും നിഷ്ഠകളും നമ്മിലൂടെ വരും തലമുറകളിലേക്ക് കലർപ്പ് കൂടാതെ പകരുവാൻ നമുക്ക് സാധിക്കണം. അതിനായി സഹിക്കേണ്ടി വരുന്ന അസൗകര്യങ്ങൾ ദൈവനാമത്തിനുവേണ്ടിയും വിശ്വാസത്തിനുവേണ്ടിയുമുള്ള സഹനങ്ങളായി കാണണം. (2 കൊരി.4.17) അവ ദൈവ സന്നിധിയിൽ സ്വീകാര്യ കാഴ്ചയായി അംഗീകരിക്കപ്പെടുകതന്നെ ചെയ്യും.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2025 മാർച്ച് മാസം 7-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.